# പടിയിറങ്ങിപ്പോയ പാർവ്വതി—
# ഒരു ഉത്തരാധുനിക വായന

ഹരികൃഷ്ണൻ കടമാൻകോട്



പടിയിറങ്ങിപ്പോയ പാർവ്വതി—ഒരു ഉത്തരാധുനിക വായന

ഹരികൃഷ്ണൻ കടമാൻകോട്

(മലയാളം: ലേഖനം)

© 2023, Harikrishnan Kadamancode

The electronic versions have been created by making use of the production infrastructure of River Valley Technologies.

The electronic versions were generated from sources marked up in LaTeX in a computer running GNU/LINUX operating system. PDF was typeset using XeTeX from TeXLive 2020 and the cloud framework, Ithal (ഇതൾ). The base font used was traditional script of Rachana, contributed by KH Hussain, et al. and maintained by Rachana Institute of Typography. The font used for Latin script was Linux Libertine developed by Philipp H. Poll.

The electronic versions are released under the provisions of Creative Commons Attribution Non-commercial ShareAlike license for free download and usage.

The lovers, a painting by Pietro della Vecchia (1602/1603–1678). The image is taken from Wikimedia Commons and is gratefully acknowledged.

**Sayahna Foundation**

JWRA 34, Jagathy, Trivandrum, India 695014

URL: www.sayahna.org

# പടിയിറങ്ങിപ്പോയ പാർവ്വതി—ഒരു ഉത്തരാധുനിക വായന

കല അതുണ്ടായ കാലത്തെ സമർത്ഥമായി അടക്കം ചെയ്തിരിക്കുന്നു. ചിലത് കാലാതീതമായി സമൂഹത്തോട് സംവദിക്കുന്നു. നവീനസാഹിത്യരൂപമായ ചെറുകഥയിലൂടെ സ്ത്രീ മനസ്സുകളുടെ വികാരങ്ങളെയും വിചാരങ്ങളെയും പ്രതിഫലിപ്പിക്കുന്ന ധാരാളം രചനകൾ നമ്മുടെ സാഹിത്യത്തിൽ ഉണ്ടായിട്ടുണ്ട്. അതുണ്ടായ കാലത്തെ അതിശയിക്കുന്ന കഥാപരിസരമാണ് പ്രശസ്ത എഴുത്തുകാരി ഗ്രേസിയുടെ "പടിയിറങ്ങിപ്പോയ പാർവതി" എന്ന കഥ മുന്നോട്ടുവയ്ക്കുന്നത്. ഇത്തരത്തിൽ ചെറുകഥ എന്ന സാഹിത്യ രൂപത്തിന് ഗ്രേസിയുടെ കാലഘട്ടത്തിലുണ്ടായ മാറ്റത്തെയും അപചയത്തെയും പഠിക്കുവാനും പ്രസ്തുത കഥയുടെ വർത്തമാനകാല വായന നടത്തി അതിൽ ഉൾക്കൊള്ളുന്ന കഥാതന്തുവിനെ അപഗ്രഥിച്ച് ആന്തരികസത്തയെ പുറത്തുകാട്ടുവാനും ശ്രമിക്കുകയാണിവിടെ.

സ്ത്രീ ശരീരത്തെയും ലൈംഗികതയേയും കുറിച്ചുള്ള തുറന്നെഴുത്തുകൾ വെളിപ്പെട്ടുവന്ന കാലത്ത്, അത്തരം വിഷയങ്ങളെ സ്വീകരിച്ച് സാഹിത്യരചന നടത്താൻ ധൈര്യം കാണിച്ച എഴുത്തുകാരിയാണ് ഗ്രേസി. 1990-കളിലെ സ്ത്രീമനസ്സുകളുടെ വികാര-വിചാരങ്ങളെ, സാമൂഹിക ധാരണകളെ, അതേപടി ചെറുകഥയിൽ പകർത്താൻ അവർക്ക് കഴിഞ്ഞിട്ടുണ്ട്. പ്രസ്തുത കഥയെ വിലയിരുത്തുന്നതിലൂടെ കഥാപരിസരം ആധുനിക കാലത്തേതാണെന്ന് മനസ്സിലാക്കാം. 1980-ലാണ് മല്ലിക, ലളിതാംബിക എന്നീ ലെസ്ബിയൻ യുവതികൾ ആത്മഹത്യ ചെയ്ത സംഭവം കേരളത്തിലുണ്ടാകുന്നത്. 1990-കളുടെ ആരംഭത്തിൽതന്നെ ദേശീയ തലത്തിൽ LGBTQIA+ സമൂഹങ്ങളുടെ അവകാശങ്ങൾക്കായി പൊരുതുന്ന സംഘടനകൾ രൂപപ്പെട്ടിരുന്നു. എങ്കിലും ആത്മഹത്യകൾക്ക് കാര്യമായ കുറവുണ്ടാക്കാൻ സാമൂഹിക സാഹചര്യങ്ങൾ അനുവദിച്ചിരുന്നില്ലെന്ന് കാണാം. മലയാളസാഹിത്യരംഗത്തും അനുബന്ധ ചലനങ്ങൾ ഉണ്ടായതിന് തെളിവാണ് ഗ്രേസിയ്ക്കും മുൻപേ കമല സുരയ്യ ലൈംഗികസ്വത്വത്തിന്റെ വൈവിധ്യത്തെ പെണ്ണുടലുകളിലൂടെ അടയാളപ്പെടുത്തിയത്. എന്നാൽ ഇത്തരം രചനകളൊക്കെ മുന്നോട്ടുവച്ചത് ദുരന്തപൂർണ്ണമായ പ്രണയയാഥാർഥ്യങ്ങളെയായിരുന്നു. മാനവികതയുടെ പുതിയ തിരിച്ചറിവുകൾ ഉൾക്കൊള്ളാൻ സമൂഹമനസ്സ് പാകപ്പെട്ടിരുന്നില്ലെന്നുള്ളതിന് തെളിവാണിത്. സ്വവർഗ്ഗാനുരാഗത്തെ ക്രിമിനൽ കുറ്റമായി കണ്ടിരുന്ന സെക്ഷൻ 377-ലെ 16 ആം അദ്ധ്യായം ഭരണഘടനാവിരുദ്ധമായതിനാൽ റദ്ദാക്കുന്നതായി സുപ്രീം കോടതി വിധിക്കുന്നത് 2018-ൽ മാത്രമാണ്. 100-ലധികം രാജ്യങ്ങളിൽ സ്വവർഗ്ഗലൈംഗികത കുറ്റവിമുക്തമായി പ്രഖ്യാപിക്കപ്പെട്ടെങ്കിലും വെറും 34 രാജ്യങ്ങളിൽമാത്രമാണ് സ്വവർഗ്ഗവിവാഹം അംഗീകരിക്കപ്പെട്ടിട്ടുള്ളത്. അതായത് ഇന്നും സാമൂഹികാംഗീകാരം പൂർണ്ണമായി നേടിയിട്ടില്ലാത്ത മനുഷ്യാവകാശപ്രശ്നം, ലൈംഗികവൈവിധ്യം, മലയാള സാഹിത്യത്തിൽ അഭിവ്യക്തമായി തുടങ്ങിയ കാലത്തെയാണ് ഗ്രേസിയുടെ "പടിയിറങ്ങിപ്പോയ പാർവതി" പ്രതിനിധീകരിക്കുന്നത്.

പടിയിറങ്ങിപ്പോയ പാർവ്വതിയിൽ രണ്ട് കേന്ദ്ര കഥാപാത്രങ്ങളുണ്ട്. പേര് നൽകപ്പെടാത്ത ഒരു കഥാപാത്രവും (പാർവതിയുടെ സുഹൃത്ത്) പാർവ്വതിയും. രാമനാഥൻ, ഉണ്ണിയേട്ടൻ, പ്രധാന കഥാപാത്രത്തിന്റെ ഭർത്താവ്, വകയിലൊരു അമ്മാവന്റെ മകൻ തുടങ്ങിയ കഥാപാത്രങ്ങൾ കഥയിൽ വരുന്നുണ്ടെങ്കിൽപ്പോലും ഈ കഥയുടെ മുഖ്യ സഞ്ചാരം ഈ രണ്ട് പെൺകഥാപാത്രങ്ങളിലൂടെയാണ്. തന്റെ ലൈംഗികാഭിമുഖ്യം സമൂഹത്തിനുമുന്നിൽ വെളിപ്പെടുത്താത്ത (coming out) ഒരു കഥാപാത്രമാണ് പാർവതിയുടെ സുഹൃത്ത്. മുഖ്യധാരാസമൂഹത്തിന്റെ മൂല്യബോധത്തെ ഭയന്ന് സ്വയം വ്യക്തമാക്കാൻ കഴിയാതെപോകുന്ന നിരവധി മനുഷ്യരെ പ്രതിനിധീകരിക്കുന്നുണ്ട് പേര് നൽകാത്ത ഈ കഥാപാത്രം. സംഭവങ്ങൾക്ക് ആഖ്യാനം ചെയ്യപ്പെടുന്ന ബോധത്തിനനുസരിച്ച് വിഭിന്ന മുഖങ്ങളുണ്ടാകാം. പ്രസ്തുത കഥയിൽ സംഭവത്തെ ആഖ്യാനം ചെയ്യാൻ എഴുത്തുകാരി തിരഞ്ഞെടുക്കുന്ന ബോധം പാർവതിയുടെ സുഹൃത്തിന്റേതാണ്. അതുകൊണ്ടുതന്നെ ഈ കഥാപാത്രത്തിന്റെ മൂല്യങ്ങളും വ്യക്തിത്വവും സംഭവവിവരണത്തെ സ്വാധീനിക്കുമെന്ന് കാണാം.

കഥാപാത്രങ്ങളുടെ നിർമ്മിതിയിലും എഴുത്തുകാരി സൂക്ഷ്മമായ സമീപനമാണ് സ്വീകരിച്ചിരിക്കുന്നത്. പാർവതി, ഉണ്ണിയേട്ടൻ, രാമനാഥൻ എന്നീ പേരുകൾ പൊതുവേ സാത്വികമായ അർത്ഥതലങ്ങൾ നൽകുന്നവയാണ്. എന്നാൽ ഈ സാത്വിക നാമധാരികളുടെ രജോഗുണങ്ങളെ കഥയിൽ വരച്ചുകാട്ടുന്നു. അതുകൊണ്ടുതന്നെ ഈ പേരുകൾ നൽകിയത് യാദൃശ്ചികമായാണ് എന്ന് കണക്കുകൂട്ടാൻ നിർവാഹമില്ല.

ഇനി കഥയിലേക്ക് കടക്കുമ്പോൾ പലതലത്തിൽ നിന്നുമുള്ള വായനയും അവയുടെ പുനർവായനകളും സാധ്യമാണ്. "പാർവതി എന്നിലേക്ക് കടന്നുവരുമ്പോൾ ഞങ്ങൾ ഇരുവർക്കും പതിനാറു വയസ്സായിരുന്നു. അവളുടെ വെളുത്തുതുടുത്ത വലിയ കണ്ണുകളും നീണ്ട ഇടതൂർന്ന മുടിയും എനിക്ക് ലഹരിയായിരുന്നു" എന്ന വാക്കുകളിലൂടെ പാർവതിയോട് കഥാപാത്രത്തിൽ ഉണ്ടായിരുന്നത് പ്രണയമായിരുന്നു എന്ന് മനസ്സിലാക്കാം. പാർവതിയോട് ആഖ്യാതാവിന് ഉണ്ടായിരുന്നത് കേവലം മാനസികമായിട്ടുള്ള അടുപ്പം മാത്രമല്ല മറിച്ച് "പാർവതിയുടെ കവിളിൽ ചൂണ്ടുവിരൽ കൊണ്ട് തൊടാനും കണ്ണുകളിൽ ചുണ്ടമർത്താനും മിനുത്ത മുടിയിൽ തഴുകാനും നിഗൂഢമായ ഒരു ആവേശം എന്നിൽ നുരഞ്ഞു പൊന്തുന്നത് പണിപ്പെട്ടാണ് ഞാൻ അടക്കിയിരുന്നതെ"ന്ന ആഖ്യാതാവിന്റെ വെളിപ്പെടുത്തൽ ശാരീരികവും ലൈംഗികവുമായ അടുപ്പത്തിലേക്കാണ് വിരൽചൂണ്ടുന്നത്.

"ഭർത്താവാകാൻ എത്തിയ വെളുത്തുമെലിഞ്ഞ ചെറുപ്പക്കാരന്റെ കരുണ വഴിയുന്ന കണ്ണുകളും ചുവന്ന നേർത്ത ചുണ്ടുകളും" ആഖ്യാതാവിനെ ആകർഷിക്കുന്നു. സമൂഹത്തിന്റെ പൊതുബോധം മുന്നോട്ടുവയ്ക്കുന്ന പുരുഷസങ്കല്പങ്ങൾക്ക് പുറത്തുനിൽക്കുന്ന വ്യക്തിയെയാണ് ആഖ്യാതാവ് പങ്കാളിയായി തിരഞ്ഞെടുക്കുന്നത്. ലൈംഗികവൈവിധ്യത്തെ ആൺ-പെൺ ദ്വന്ദ്വത്തെ മുൻനിർത്തി വിലയിരുത്തുന്ന "Hetero Normitivity" കഥാകൃത്തിനെയും സ്വാധീനിച്ചിട്ടുണ്ടെന്ന് കാണാം. ഭർത്താവുമായി ലൈംഗികബന്ധത്തിലേർപ്പെടുകയും ഉണ്ണിയേട്ടൻ എന്ന കഥാപാത്രത്തിന്റെ മുന്നിൽ "ഒരു സ്ത്രീയായി ചൂളിപ്പോയെ"ന്ന് പരാമർശിക്കുകയും ചെയ്യുന്നതിനാൽ ബൈസെക്ഷ്വൽ[1] സമീപനമാണ് പ്രസ്തുത കഥാപാത്രത്തിനുള്ളതെന്ന് കാണാം. തന്റെ വാസ്തവികതകളെ അടക്കം ചെയ്ത് സമൂഹനിയമങ്ങളോട് സമരസപ്പെടാൻ ശ്രമിക്കുകയാണ് ആഖ്യാതാവ്. പാർവതിയാകട്ടെ അതിനോട് സ്വകാര്യമായി കലഹിക്കുകയുമാണ്.

1. Bisexuality is a romantic or sexual attraction or behavior toward both males and females, or to more than one gender.



സിമോൺ ഡി ബുവോ

പാർവ്വതി എന്ന കഥാപാത്രം സ്വേച്ഛാപരമായി തീരുമാനങ്ങളെടുക്കുകയും ലൈംഗിക സ്വാതന്ത്ര്യം ആവോളം അനുഭവിക്കുകയും ചെയ്യുന്ന കഥാപാത്രമാണ്. പ്രണയത്തെപ്പറ്റിയോ വിവാഹത്തെപ്പറ്റിയോ ഉള്ള സ്വന്തം താല്പര്യങ്ങൾ തിരിച്ചറിയാൻ കഴിയുന്നതിനും മുമ്പേയാണ് പാർവതി വിവാഹിതയാകുന്നതെന്ന് കാണാം. എന്നാൽ പിന്നീടാകട്ടെ പങ്കാളികളുടെ എണ്ണം, പ്രായം, ബന്ധത്തിന്റെ സ്വഭാവം തുടങ്ങിയവയെ സംബന്ധിച്ച വ്യവസ്ഥാപിത സാമൂഹിക സങ്കൽപ്പങ്ങളെ പാർവതി നിശിതമായി അവഗണിക്കുന്നു. ഒരുപക്ഷേ, പാർവ്വതിയുടെ ഈ സമീപനത്തെ ഒരു പോളിഗമി[2] ബന്ധമായി വിലയിരുത്താൻ സാധിക്കും. ഈ അവസരത്തിൽ ഫ്രഞ്ച് തത്വചിന്തകയായ സിമോൺ ഡി ബുവോയുടെ വാക്കുകൾ പ്രസക്തമാണ്. "വിവാഹം സ്ത്രീകളുടെ ലൈംഗിക സംതൃപ്തിയെ നിരാശപ്പെടുത്തുന്നതിലൂടെ അവരുടെ വികാരങ്ങളുടെ സ്വാതന്ത്ര്യവും വ്യക്തിത്വവും നിഷേധിക്കുകയും അവരെ വ്യഭിചാരത്തിലേക്ക് നയിക്കുകയും ചെയ്യുന്നു" ബുവോയുടെ ഈ നിർവചനത്തിൽ വ്യഭിചാരം എന്ന വാക്കിനെ ഞാൻ പ്രോത്സാഹിപ്പിക്കുന്നില്ല (ബഹു. സുപ്രീംകോടതിയുടെ വിജ്ഞാപനം അനുസരിച്ച് വ്യഭിചാരം എന്ന വാക്കിന് പകരം വിവാഹേതരബന്ധം എന്നുപയോഗിക്കുന്നു). എന്നാൽ ഈ വാക്കുകളിലെ ആന്തരിക അർത്ഥത്തോട് ചേർത്തുവയ്ക്കാവുന്ന കഥാപാത്രമാണ് പാർവ്വതി. പാർവതി തന്നെ പറയുന്നുണ്ട് "രാമനാഥന്റെ കൈവിരലുകൾക്ക് എന്നും തണുപ്പായിരുന്നു. പാതിരാവിൽ ബോധംകെട്ടുറങ്ങുന്ന അവളെ ഉണർത്താതെയാണ് രാമനാഥൻ സ്വന്തം സുഖം കണ്ടെത്തിയിരുന്നതെന്ന്". അസംതൃപ്തമായ ദാമ്പത്യത്തെ തിരസ്കരിക്കുന്നതിനും, തന്റെ യാഥാർഥ്യത്തെ തിരിച്ചറിയുന്നതിനുമുള്ള ശ്രമമായി വിവാഹേതര ബന്ധങ്ങളെ കാണാനുള്ള ശ്രമം ഉണ്ടായിവരുന്നുണ്ട്. എന്നാൽ കുടുംബം എന്ന സ്ഥാപനത്തിനും ദാമ്പത്യത്തിനും ദമ്പതികളുടെ ലൈംഗികതയ്ക്കും വ്യക്തമായ പ്രാധാന്യവും നിയന്ത്രണവും ഏർപ്പെടുത്തുന്ന നമ്മുടെ സംസ്കാരത്തിന് ഇത്തരം നിലപാടുകളോട് പൊരുത്തപ്പെടാൻ ഇനിയും കാലമേറെ കഴിയേണ്ടതായി വരും. ഇന്ത്യയിലെ നീതിപീഠം വിവാഹേതര ലൈംഗികബന്ധത്തെ കുറ്റവിമുക്തമാക്കിയിട്ടുണ്ട്. എന്നാൽ, വിവാഹമോചനത്തിനുള്ള കാരണമായി വിവാഹേതര ബന്ധത്തെ പരിഗണിക്കാമെന്നും പറയുന്നുണ്ട്. നമ്മുടെ സമകാലിക സംസ്കാരം ദാമ്പത്യത്തിൽ monogamy എത്രത്തോളം പ്രധാനപ്പെട്ടതായി കാണുന്നുവെന്ന് ഇതിലൂടെ മനസ്സിലാക്കാം.

2. The practice or custom of having more than one partner at the same time.

ഈ കഥയിൽ പ്രവർത്തിക്കുന്ന അധികാരഘടന ശ്രദ്ധേയമാണ്. പാർവതിയുടെ വിവാഹത്തിനു ശേഷം അവളുടെ കാര്യങ്ങളിൽ രാമനാഥന്റെ താല്പര്യങ്ങൾ സ്വാധീനിക്കുന്നത് കാണാം. പാർവതി ഡ്രൈവിംഗ് പഠിക്കാൻ തീരുമാനിക്കുമ്പോൾ രാമനാഥൻ അവളെ അനുഗമിക്കുന്നുണ്ട്. തന്റെ ഭാര്യ തന്നാൽ സംരക്ഷിക്കപ്പെടേണ്ടവളാണെന്ന ബോധമാകാം അയാളുടെ പ്രേരണ. എന്നാൽ ഉണ്ണിയേട്ടൻ എന്ന കഥാപാത്രം രാമനാഥന്റെ ബന്ധുക്കളിൽ ഒരാളായതാവാം പിന്നീട് അവളെ അനുഗമിക്കേണ്ടതില്ലെന്ന തീരുമാനത്തിലേക്ക് രാമനാഥനെ എത്തിച്ചത്. പാർവതിയുടെ സുഹൃത്തിന്റെ (ആഖ്യാതാവ്) കാര്യത്തിലും അവളുടെ കുടുംബത്തിൽ അധികാരം വഹിക്കുന്ന വ്യക്തി അവളുടെ അപ്പച്ചനാണെന്ന് കാണാം. അപ്പച്ചന്റെ തീരുമാനങ്ങൾ വിമർശനാതീതമാണെന്നും ഭയബഹുമാനങ്ങൾ അർഹിക്കുന്നതാണെന്നും തോന്നിപ്പിക്കുന്ന വിധമാണ് ആഖ്യാതാവ് അപ്പച്ചന്റെ "കൽപ്പന"യെപ്പറ്റി സൂചിപ്പിക്കുന്നത്. തന്റെ വിവാഹത്തിൽ പാർവ്വതിയ്ക്ക് ലഭിക്കാതിരുന്ന നിർണയാവകാശം ആഖ്യാതാവിനും ലഭിക്കുന്നില്ലെന്ന് കാണാം. സ്വന്തം വിവാഹത്തെപ്പറ്റി സ്വയം നിർണ്ണയിക്കാൻ അവകാശമില്ലാത്ത 'സ്ത്രീ'കളുടെ നിസ്സഹായാവസ്ഥകൾ ഈ കഥയിൽ കാണാം. പുരുഷാധിപത്യപരമായ സാമൂഹിക സംവിധാനത്തിൽ സ്വത്വം നഷ്ടപ്പെട്ടുപോയ സ്ത്രീയാണ് ആഖ്യാതാവെന്ന് കാണാം. വിവാഹാനന്തരം "ദാമ്പത്യത്തിന്റെ തിരക്കുകൊണ്ടും പിന്നെ ഗർഭത്തിന്റെ ആലസ്യം കൊണ്ടും തുടർന്ന് മാതൃത്വത്തിന്റെ ഉത്തരവാദിത്വം കൊണ്ടും" ആണ് ആഖ്യാതാവിന് പാർവതിയെപ്പറ്റി അറിയാൻ കഴിയാതെ പോയത്. സ്ത്രീ നിർവഹിക്കേണ്ടതായ കർത്തവ്യങ്ങളുടെ, പെണ്ണുത്തരവാദിത്വങ്ങളുടെ, നീണ്ട നിരയാണ് ആഖ്യാതാവിനെ തളർത്തുന്നത്. പഠിച്ചുകൊണ്ടിരുന്ന ആഖ്യാതാവിന്റെ പഠനത്തെപ്പറ്റിയോ തൊഴിലിനെപ്പറ്റിയോ പിന്നീട് സൂചനകളൊന്നുംതന്നെയില്ല. "പെണ്ണിന്റെ ബുദ്ധി തുരുമ്പെടുത്തുപോകാനുള്ളതാണെ"ന്ന് സരസ്വതിയമ്മ പറഞ്ഞത് ഈ സാമൂഹിക യാഥാർഥ്യത്തെ മുന്നിൽക്കണ്ടാകണം.

പാർവതി ആഖ്യാതാവിനോട് വെളിപ്പെടുത്തുന്ന വസ്തുതകളെ മുൻനിർത്തിയാണ് ആഖ്യാതാവ് ഉണ്ണിയേട്ടൻ എന്ന കഥാപാത്രത്തെ സന്ദർശിക്കുന്നത്. അവിടെ ഉണ്ണിയേട്ടൻ സ്ഥാപിക്കാൻ ശ്രമിക്കുന്ന വസ്തുതകളാകട്ടെ പാർവതി പറഞ്ഞതിന് വിരുദ്ധവുമാണ്. ഇരുവരുടെയും പ്രസ്താവനകളെ അവിശ്വസിക്കാനുള്ള കാരണങ്ങൾ ആഖ്യാതാവിന് ലഭിക്കുന്നുണ്ട്. വാസ്തവത്തെക്കുറിച്ചുള്ള ഈ ധാരണയില്ലായ്മ ആഖ്യാതാവിനോടൊപ്പം വായനക്കാരും അനുഭവിക്കുന്നു. കാഴ്ചപ്പാടുകൾ വ്യത്യസ്തമാകുന്നതിനനുസരിച്ച് നിരവധി യാഥാർഥ്യങ്ങളും സത്യങ്ങളും ഉണ്ടാകുന്നുവെന്ന ഉത്തരാധുനിക കാഴ്ചപ്പാട് (polyvocality) ഈ അനുഭവം മുന്നോട്ടുവയ്ക്കുന്നു. ഇവിടെ രണ്ടുകഥാപാത്രങ്ങളുടെയും പ്രസ്താവനകളിൽ സത്യത്തെ നിഷേധിക്കുകയല്ല, സത്യത്തിന് പല മുഖങ്ങളുണ്ടാകാനുള്ള സാധ്യതയെ അംഗീകരിക്കുകയാണ് ചെയ്യുന്നത്. അതുകൊണ്ടാണ് ആഖ്യാതാവ് ഉണ്ണിയേട്ടനും പാർവതിയും തമ്മിലുള്ള പ്രശ്നത്തിൽ വ്യക്തമായ നിലപാടെടുക്കാത്തത്. എന്നാൽ, "ഒരു പെണ്ണിന്റെയും ഉറക്കത്തിന് പോറലേൽപ്പിക്കാതെ ഒരു പുരുഷനും സ്വന്തം സുഖം കണ്ടെത്താൻ കഴിയില്ലെന്ന്" ഉറപ്പിക്കുന്നതിലൂടെ പാർവതി മുന്നോട്ടുവച്ച വാദത്തെ ആഖ്യാതാവ് തിരസ്കരിക്കുന്നുണ്ട്.

എന്തുകൊണ്ടാണ് പാർവ്വതി ആഖ്യാതാവിന്റെ മനസ്സിൽ നിന്നും പടിയിറങ്ങി പോകുന്നത്? ഇത് കഥയിലെ പ്രധാന ചോദ്യമാണ്. ഈ പടിയിറക്കത്തെ രണ്ടുതരത്തിൽ നോക്കി കാണാം. പാർവ്വതിയ്ക്ക് സുഹൃത്തായ പെൺകഥാപാത്രത്തോടുള്ള ബന്ധം womance[3] ആയിരിക്കാം. എന്നാൽ ആഖ്യാതാവിന് പാർവതിയോടുള്ളത് സ്വകാര്യ പ്രണയമാണ്. ഈ വൈരുധ്യം ഇവർ തമ്മിലുള്ള ഇടപെടലുകളെ സ്വാധീനിച്ചിരിക്കാം. എങ്കിലും തന്റെ ജീവിതത്തെക്കുറിച്ചുള്ള ആശങ്കകൾ പങ്കുവയ്ക്കാൻ എക്കാലവും പാർവതി തിരഞ്ഞെടുത്തിരുന്നത് ആഖ്യാതാവിനെയായിരുന്നു. പാർവതിയുടെ പ്രശ്നങ്ങൾക്ക് പരിഹാരം കണ്ടെത്താൻ ആഖ്യാതാവ് ശ്രമിക്കുമ്പോഴും തന്റെ യാഥാർഥ്യത്തെ പാർവ്വതിയ്ക്കുമുന്നിൽ തുറന്നു കാണിക്കാൻ അവർ ധൈര്യപ്പെട്ടിരുന്നില്ല. താൻ കടന്നുപോകുന്ന ഉദ്വേഗജനകമായ ജീവിതത്തെയും സാഹസങ്ങളെയും ആഖ്യാതാവുമായി പങ്കുവയ്ക്കുന്നതിലാണ് പാർവതി ശ്രദ്ധിക്കുന്നത്. വൈകാരികവും വിചാരപരവുമായ വിനിമയമാണ് ഓരോ ബന്ധത്തിന്റെയും കാതൽ എന്നിരിക്കെ, ഇവിടെ പാർവതിയുടെ വിശേഷങ്ങൾ കേൾക്കുന്നതിനുള്ള കേവല ഇടമായി മാത്രമാണ് ആഖ്യാതാവിനെ പാർവതി ഉപയോഗിക്കുന്നത്. രണ്ട് വ്യക്തികൾ തമ്മിലുള്ള ബന്ധത്തിൽ ഒരു വ്യക്തി വിചാരപരിസരം മാത്രം പ്രധാനപ്പെട്ടതാവുകയും മറ്റെയാൾ അപ്രസക്തമാവുകയും ചെയ്യുന്ന സാഹചര്യം ആ ബന്ധത്തിൽ നിന്നും ഇറങ്ങിപ്പോകാനുള്ള പ്രേരണയാവുക സ്വാഭാവികമാണ്. പാർവതിയെ മനസ്സിൽ നിന്നും പടിയിറക്കിവിട്ടതിനും കാരണമിതാകാം.

3. Womance is a close but non-sexual, non-romantic relationship between two or more women.

എന്നാൽ മറ്റൊരുതരത്തിൽ ചിന്തിച്ചാൽ, പ്രണയം, വിവാഹം എന്നീ സ്ഥാപനങ്ങളെ ലൈംഗിക പ്രക്രിയയെ അടിസ്ഥാനമാക്കി നിർവചിച്ചിട്ടുള്ള സാമൂഹിക ക്രമത്തെ ആഖ്യാതാവ് പിന്തുടരാൻ ശ്രമിക്കുന്നതായി തോന്നുന്നു. പാർവതിയുടെ കണ്ണിൽ ജ്വലിച്ചിരുന്ന അഗ്നിനാളത്തെപ്പറ്റി ഒരു മുൻധാരണ ഉണ്ടാക്കിയെടുക്കാൻ ആഖ്യാതാവ് ശ്രമിക്കുന്നുണ്ട്. പലപ്പോഴും ആ ധാരണ ശരിയാണെന്നതിൽ ആശ്വസിക്കുന്നുമുണ്ട്. ഉണ്ണിയേട്ടനുമായി വിവാഹേതര ബന്ധമുണ്ടായിരുന്ന കാലത്ത് "തീവ്രമായ ഭാഷയിൽ" ഉണ്ണിയേട്ടനായി എഴുതിയിരുന്ന കത്തുകൾ പാർവതിയ്ക്കെതിരെ ഉപയോഗിക്കുമെന്ന് ഉണ്ണിയേട്ടൻ ഭീഷണിപ്പെടുത്തുന്നുണ്ട്. പെൺലൈംഗികത എക്കാലവും ഒരു 'സാമൂഹിക' വിഷയമായികണ്ട് തന്റെ ലൈംഗിക ചോദനകൾ അടക്കിവയ്ക്കാനും രഹസ്യമായി സൂക്ഷിക്കാനും താൻ ബാധ്യസ്ഥയാണെന്ന് സ്ത്രീകളെ വിശ്വസിപ്പിക്കാൻ സമൂഹത്തിനാകുന്നു.

ഇവിടെ രണ്ടുതരത്തിൽ അവളുടെ മനസ്സിൽ നിന്ന് പാർവതി ഇറങ്ങിപ്പോകുന്നതിനെ അല്ലെങ്കിൽ ഇറക്കിവിടുന്നതിനെ വായിച്ചെടുക്കാൻ കഴിയും. അതിലൊന്ന് പാർവതിയുടെ മനസ്സിൽ തനിക്ക് സ്ഥാനമില്ല എന്നത് കണ്ടു താനും അവളെ ഉപേക്ഷിക്കുന്നു എന്ന ഒരു തരത്തിലുള്ളതാണ് ഒന്ന്. പാർവ്വതി മൂന്നിലധികം പുരുഷന്മാരുമായി ലൈംഗികവേഴ്ചയിൽ ഏർപ്പെടുന്നതു താല്പര്യപ്പെടാത്ത അവൾ എന്ന കഥാപാത്രം തന്റെ മനസ്സിൽ നിന്നും പാർവ്വതിയെ ഇറക്കി വിടുന്നതാണ് മറ്റൊന്ന്. ഇങ്ങനെയാണെങ്കിൽ ഇതിനെ ഒരു രതി വൈകൃതമായി ചിത്രീകരിക്കാനുള്ള ശ്രമം ഇവിടെ കാണുന്നുണ്ടോ എന്നത് സംശയാസ്പദമാണ്. സ്വവർഗ്ഗരതിയെക്കുറിച്ചും പ്രണയത്തെക്കുറിച്ചും പുരോഗമനപരമായി ചിന്തിക്കുന്ന ആഖ്യാതാവ് ഒരു സ്ത്രീ അവളുടെ ഭർത്താവിൽ നിന്നു മാത്രം ലൈംഗികതയും പ്രണയവും സ്വീകരിക്കണമെന്നുള്ള യാഥാസ്ഥിക ചിന്തയ്ക്ക് ഊന്നൽ നൽകുന്നതായി കാണുന്നു. അതായത് യാഥാസ്ഥിതിക ചിന്തകളെ പൊളിച്ചെഴുതുമ്പോൾ പോലും അതേ യാഥാസ്ഥിതിയിലേക്ക് രചയിതാവ് ചായുന്നുണ്ടോ എന്ന തോന്നിപ്പോകുന്നു.

## സഹായക സ്രോതസ്സുകൾ


1. ഗ്രേസി, പടിയിറങ്ങിപ്പോയ പാർവതിയും മറ്റുകഥകളും, മാതൃഭൂമി ബുക്ക്സ്, 2013.
2. ബഷീർ, എം. എം., മലയാളം ചെറുകഥ സാഹിത്യ ചരിത്രം, സാഹിത്യ അക്കാദമി, 2008.
3. Simone de Beauvoir, The Second Sex, 1949.

# ഹരികൃഷ്ണൻ കടമാൻകോട്



കൊല്ലം ജില്ലയിലെ കുളത്തൂപ്പുഴ ഗ്രാമപഞ്ചായത്തിലെ കടമാൻ കോട്ട് എന്ന ഗ്രാമത്തിൽ ജനനം. സർക്കാർ കലാലയം നെടുമങ്ങാട്ട് നിന്നും മലയാളത്തിൽ ബിരുദം നേടി. നിലവിൽ കേരള സർവകലാശാല കാര്യവട്ടം ക്യാമ്പസിൽ രണ്ടാംവർഷ മലയാള ബിരുദാനന്തര ബിരുദ വിദ്യാർത്ഥിയാണ്.

# പിൻകുറിപ്പ്

- മുപ്പതു മുതൽ നാല്പതു മിനിട്ടിനകം വായിച്ചു തീർക്കാവുന്ന ഉള്ളടക്കമാണ് സായാഹ്ന പുറത്തിറക്കുന്ന ഈ ഫോൺ പിഡിഎഫുകളിൽ ഉള്ളത്. ഇതു വായിക്കുവാനായി ഒരിക്കലും ഒരു കമ്പ്യൂട്ടറോ ഡെസ്ക്ടോപ് ആപ്ലിക്കേഷനുകളൊ ആവശ്യമില്ല.
- ആധുനിക മനുഷ്യന്റെ സന്തതസഹചാരിയായ സ്മാർട്ട് ഫോണുകളുടെ സ്ക്രീനിൽ തന്നെ വായിക്കുവാൻ തക്ക രീതിയിലാണു ഈ പിഡിഎഫുകൾ വിന്യസിച്ചിരിക്കുന്നത്. ഫോണിന്റെ വീതിക്കു നിജപ്പെടുത്തിയ രീതിയിലാണ് മാർജിനുകൾ ചിട്ടപ്പെടുത്തിയിരിക്കുന്നത്.
- പിഡിഎഫ് പ്രമാണങ്ങൾ വായിക്കുവാനുള്ള പ്രയോഗങ്ങൾ എല്ലാതരം സ്മാർട്ട്ഫോണുകളിലും ഇന്നു ലഭ്യമാണ്. എന്നിരിക്കിലും സൗജന്യമായി കിട്ടുന്ന അഡോബി അക്രോബാറ്റ് റീഡർ ആണ് ഇവയിൽ ഏറ്റവും മുന്തിയത്. അതുകൊണ്ട് അഡോബി റീഡർ ഇൻസ്റ്റാൾ ചെയ്യുകയും അതിൽ ഈ ഫോൺ പിഡിഎഫുകൾ വായിക്കുകയും ചെയ്യുക.
- സ്വതന്ത്രപ്രസാധനം ആഗ്രഹിക്കുന്ന/ഇഷ്ടപ്പെടുന്ന ആർക്കുവേണമെങ്കിലും സായാഹ്നയിലൂടെ സ്വന്തം കൃതികൾ പ്രസാധനം ചെയ്യാവുന്നതാണ്. 30 മുതൽ 60 മിനിട്ടുകൾക്കകം വായിച്ചുതീർക്കാവുന്ന ഉള്ളടക്കം – കഥകൾ, അനുഭവക്കുറിപ്പുകൾ, ലേഖനങ്ങൾ, അഭിമുഖങ്ങൾ, സിനിമാനിരൂപണങ്ങൾ, കവിതകൾ – എന്നു തുടങ്ങി എന്തുവേണമെങ്കിലും അയയ്ക്കാവുന്നതാണ്. അയയ്ക്കേണ്ട വിലാസം: <editors@sayahna.org>.
- പ്രതികരണങ്ങൾ <editors@sayahna.org> എന്ന ഇമെയിലിലേയ്ക്കോ, ഈ വെബ് പേജിൽ കമന്റുകളായോ ചേർക്കുക. നിർദ്ദേശങ്ങളും വിമർശനങ്ങളും എപ്പോഴും സ്വീകാര്യമാണ്. അവ സായാഹ്നപ്രവർത്തകർക്ക് കൂടുതൽ ഉത്തേജനം നൽകുന്നതാണ്.